# 22

# അതിശയങ്ങളൊന്നുമില്ല!

## (6:1- 8)

നിങ്ങളുടെ ജന്മദിവസമാണ്, അത് ആരും ഓർമ്മിച്ചില്ല എന്നു വിചാരിക്കുക. നിങ്ങൾ വാതിൽക്കൽ ചെന്നു നോക്കുമ്പോൾ, ഒരാൾ അത്യുച്ചത്തിൽ, "അതിശയം!" എന്നു പറയുന്നു. പെട്ടെന്ന് നിങ്ങളുടെ സ്നേഹിതന്മാർ പലരും വലിയ ചിരിയോടെ അടുത്തു വരുന്നു. വളരെ പേർക്ക് അത് ആകസ്മികമായ അതിശയം തന്നെ ആയിരുന്നു.[1]

ചില അതിശയങ്ങൾ അത്ര സുഖമായിരിക്കയില്ല. നിങ്ങൾ ഒരു കാർ വാങ്ങി ആഴ്ച്ചകൾ കഴിഞ്ഞ്, അത് ഓടാതായി എന്നു വിചാരിക്കുക. അത് ശരിയാകണമെങ്കിൽ പതിനായിരക്കണക്കിന് രൂപ വേണമെന്ന് മെക്കാനിക്ക് വന്ന് നോക്കിയിട്ടു പറയുന്നു. നിങ്ങൾ ഉടനെ കാറിന്റെ വാറന്റി പേപ്പറുമായി കാർ വാങ്ങിയ ആളെ സമീപിച്ച് അത് കാണിക്കുന്നു. അദ്ദേഹം ചിരിച്ചുകൊണ്ട്, ആ പ്രത്യേക ഭാഗം വാറന്റി രേഖയിൽ പെടുന്നതല്ല എന്ന് അറിയിക്കുന്നു: അത് നിങ്ങളെ തീർച്ചയായും അതിശയിപ്പിക്കും!

അത് കേൾക്കുമ്പോൾ അത്ര സുഖമുള്ളതായി നിങ്ങൾക്ക് തോന്നുകയില്ല. അയാളുടെ പ്രതികരണം ഗൗരവത്തിൽ നിങ്ങൾ എടുക്കുകയില്ല - നിങ്ങൾക്ക് പെട്ടെന്ന് കോപം വരുമെങ്കിലും നിങ്ങൾ ആ രേഖ വാങ്ങി ശ്രദ്ധിച്ച് വായിക്കും. ഡോക്ടർ രോഗിയെ വിദഗ്ധമായി പരിശോധിച്ച ശേഷം അയാൾ തിരിച്ച് വന്ന് മുഖത്ത് ഗൗരവഭാവത്തിൽ "നിങ്ങൾക്ക് ലൂക്കേമിയ ആണ്" "ഞങ്ങൾക്ക് ഒരുപക്ഷെ നിങ്ങളെ സഹായിക്കുവാൻ കഴിഞ്ഞേക്കാം. അല്ലെങ്കിൽ ഇല്ലായിരിക്കാം" എന്ന് ഡോക്ടർ തറപ്പിച്ചു പറയുന്നു എന്നു വിചാരിക്കുക. നിങ്ങൾ അതിശയിക്കും!

ജീവിതത്തിൽ മുഷിച്ചൽ ഇല്ലാതാക്കുന്നതാണ്, അവിചാരിതമായ അതിശയിപ്പിക്കൽ, എന്നാൽ ദൈന-ന്തിന-പ്രവൃത്തികളെ സംബന്ധിച്ച്, എന്താണ് സംഭവിക്കുവാൻ പോകുന്നതെന്നറിയുവാൻ നമുക്ക് മിക്കപേർക്കും താൽപര്യമുണ്ട്. പൊതുവിൽ പറഞ്ഞാൽ, ജീവിതത്തിൽ "അതിശയം ഒന്നും" ഇല്ലാതിരിക്കുവാനാണ് നാം ഇഷ്ടപ്പെടുന്നത്.

ക്രിസ്ത്യാനികൾക്ക് ''അതിശയം ഒന്നും'' ഇല്ലാതിരിക്കുവാനാണ് കർത്താവ് ആഗ്രഹിച്ചത് - പ്രത്യേകിച്ച് ഉപദ്രവങ്ങളെ സംബന്ധിച്ച്. തന്റെ ശിഷ്യന്മാർ നേരിടുവാനിരിക്കുന്ന ഉപദ്രവങ്ങളെ അതിശയിപ്പിക്കുന്ന ആത്മാർത്ഥതയായിട്ടാണ് വിശേഷിപ്പിച്ചത്:

> സഹോദരൻ സഹോദരനെയും അപ്പൻ മകനെയും മരണത്തിന് ഏൽപിക്കും എന്റെ നാമം നിമിത്തം എല്ലാവരും നിങ്ങളെ പകെക്കും. അവസാനത്തോളം സഹിച്ചു നിൽക്കുന്നവരോ രക്ഷിക്കപ്പെടും ... (മത്തായി 10:21, 22).

ഞാൻ ഭൂമിയിൽ സമാധാനം വരുത്തുവാൻ വന്നു എന്ന് നിരൂപിക്കരുത്. സമാധാനമല്ല വാളത്രെ വരുത്തുവാൻ ഞാൻ വന്നത് (മത്തായി 10:34).[2]

പൗലൊസും അതേ രീതിയിലാണ് ചിന്തിച്ചത്. പുതിയ ക്രിസ്ത്യാനികളോട് അവൻ പറഞ്ഞു, "നാം അനേക കഷ്ടങ്ങളിൽ കൂടെ ദൈവരാജ്യത്തിൽ കടക്കേണ്ടതാകുന്നു" (പ്രവൃത്തികൾ 14:22). "ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിപ്പാൻ ആഗ്രഹിക്കുന്നവർക്കെല്ലാം ഉപദ്രവമുണ്ടാകും" എന്നും അവൻ പറഞ്ഞിരിക്കുന്നു (2 തിമൊഥെയൊസ് 3:12). ക്രിസ്തുയേശുവിന്റെ അനുയായികൾക്ക് കഷ്ടതയും ഉപദ്രവവും ഉണ്ടാകുന്നതിനെ കുറിച്ച് ബൈബിൾ വളരെ പറയുന്നതുകൊണ്ട് പത്രൊസ് എഴുതി, "പ്രിയമുള്ളവരേ, നിങ്ങൾക്ക് പരീക്ഷക്കായി സംഭവിച്ചിരിക്കുന്ന അഗ്നി പരീക്ഷയിങ്കൽ ഒരു അപൂർവ്വകാര്യം നിങ്ങൾക്ക് വന്നുകൂടി എന്നുവെച്ച് *അതിശയിച്ചുപോകരുത്*" (1 പത്രൊസ് 4:12; എംഫസിസ് മൈൻ).

നമ്മുടെ കഴിഞ്ഞ പാഠത്തിൽ, വെളിപ്പാടിന്റെ മുഖ്യഭാഗം നാല് കുതിരക്കാരുടെ ദർശനവുമായി ആരംഭിക്കുന്നതിനു സാധ്യതയുള്ള ഒരു കാരണം ഒന്നാം-നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾക്ക് "അഗ്നിപരീക്ഷ നേരിടുമ്പോൾ" അവർ "അതിശയിക്കാതിരിക്കുന്നതിന്" ആകാം. നമ്മുടെ ജീവിതം യേശുവിന്ന് സമർപ്പിക്കുമ്പോൾ, അതിൽ അടങ്ങിയിരിക്കുന്നതെല്ലാം നാം മനസിലാക്കുവാൻ പോകുന്നതേയുള്ളു. ഇന്നത്തെ വെല്ലുവിളിയുമായുള്ള ബന്ധത്തിൽ, നാല് കുതിരക്കാരുടെ പഠനം പ്രായോഗികമാക്കി നാം തുടരും. (ഈ പാഠത്തിന്റെ അവസാനം വരുന്ന "നാല് കുതിരക്കാർ" എന്ന ചിത്രീകരണം നോക്കുക.)

### ആ കുതിരക്കാർ യാത്ര തുടരുമോ?

ഭയപ്പെടുത്തുന്ന ആ കുതിരക്കാർ ഒന്ന്, രണ്ട്, മൂന്ന് നൂറ്റാണ്ടുകളിൽ വെറുതെ സഞ്ചരിക്കുകയായിരുന്നില്ല. ലോകത്തിൽ പാപം വന്നപ്പോൾ തുടങ്ങിയതാണ് അവരുടെ ഓട്ടം (ഉൽപത്തി 3), അവ യുഗങ്ങളായി മനുഷ്യരെ ദണ്ഡിപ്പിച്ചുകൊണ്ടിരിക്കയാണ്. വെളിപ്പാട് 6:1-8 നെ "ചരിത്രത്തിലെ കഷ്ടതാ ദർശനം" എന്നു വിളിച്ചിട്ടുണ്ട്. ആദ്യത്തെ നാല് രംഗങ്ങൾ "ശോകമൂകമായ കഥ ആണ് പറയുന്നതെന്ന് ജോൺ ബോമാൻ പറഞ്ഞു. അത് മനുഷ്യന്റെ ദുഃഖകരമായ നിരുൽസാഹത്തെയും അദ്ധ്വാനത്തിന്റെ വ്യർത്ഥതയെയുമാണ് കാണിക്കുന്നത്; അത് ഉയർന്നും താഴ്ന്നുമുള്ള ആചാരങ്ങളുടേയും സംസ്കാരത്തിന്റേയും നീരൊലിയാണ്."[3] മനുഷ്യൻ മനുഷ്യരോട് ചെയ്യുന്ന മനുഷ്യത്വഹീനമായ പ്രവൃത്തികൾക്കുള്ള ഫലമാണ് നാല് കുതിരക്കാർ എന്ന് യൂജിൻ പീറ്റേഴ്സൺ പറഞ്ഞു:

യുദ്ധം സാമൂഹ്യതിന്മയാണ്; ക്ഷാമം പാരിസ്ഥിതിക തിന്മാണ്; രോഗം ജീവശാസ്ത്ര തിന്മയാണ്; സമൂഹത്തിന്റെ നന്മയെ ആക്രമിക്കുന്നതാണ് യുദ്ധം; ദൈവത്തിന്റെ ഔദാര്യത്തെ ലംഘിച്ച് തകർക്കുന്നതാണ് ക്ഷാമം; ദൈവം-നൽകിയ ശരീരത്തെ നശിപ്പിക്കയും പാഴാക്കുകയും ചെയ്യുകയാണ് രോഗം; പാപങ്ങൾ, സമൂഹത്തിനും, ദേശത്തിനും, ശരീരത്തിനും എതിരാണ്.[4]

ഒരെതിർവാദം ഞാൻ കേൾക്കുന്നു: "തീർച്ചയായും, ആ കുതിരസവാ

രിക്കാർ കഴിഞ്ഞകാലത്തിൽ ചിലപ്പോൾ സഞ്ചരിക്കാതിരുന്നിട്ടുണ്ട് ഈ പ്രകാശിതമായ കാലയളവിലും സഞ്ചരിക്കുന്നില്ല. അല്ലേ?" പക്ഷെ തെളിവുകൾ ആവശ്യപ്പെടുന്നത്: "ഉവ്വ്, അവർ ഇപ്പോഴും സഞ്ചരിക്കുന്നുണ്ട്" എന്നാണ്. കഴിഞ്ഞ പാഠത്തിൽ, "ഭൂമിയിൽ അങ്ങോളമിങ്ങോളം ആ നാല് കുതിരക്കാർ സഞ്ചരിക്കുന്നതായി പുസ്തകങ്ങൾ, വർത്തമാന പത്രങ്ങൾ. മാസികാലേഖനങ്ങൾ, റേഡിയോ പ്രഭാഷണങ്ങൾ എന്നിവയിൽകൂടെ നാം വായിക്കുകയും കേൾക്കുകയും ചെയ്യുന്നു"[5] എന്ന ബ്രൂസ് മെറ്റ്സ്ജറുടെ പരാമർശം നാം ശ്രദ്ധിക്കുകയുണ്ടായി. ബർട്ടൻ കോഫ്മാൻ അതിനോട് യോജിക്കുന്നു: "ലോകം മുഴുവൻ നാല് കുതിരക്കാർ ... ഇപ്പോഴും സഞ്ചരിച്ച് തകർക്കുന്നതായി ഓരോ ദിവസത്തേയും വർത്തമാനപത്രങ്ങൾ വിവരിക്കുന്നു."[6]

നാല് കുതിരക്കാർ എപ്പോഴും സഞ്ചരിച്ചിട്ടുണ്ടായിരുന്നു, ഇനിയും ഭൂമിയിൽ സഞ്ചരിച്ചുകൊണ്ടിരിക്കുമെന്നതിനു തെളിവ് വേണമെന്നുണ്ടെങ്കിൽ, താഴെ കൊടുത്തിരിക്കുന്നത് പരിഗണിക്കുക:

### വെള്ളക്കുതിരപ്പുറത്തിരിക്കുന്നവൻ

തങ്ങളുടെ ഇഷ്ടം മറ്റുള്ളവരിൽ അടിച്ചേൽപ്പിക്കുവാനാഗ്രഹിക്കുന്ന ഏതെങ്കിലും വ്യക്തിയോ അല്ലെങ്കിൽ സംഘമോ ആയിരിക്കാം ഒന്നാമത്തെ കുതിരക്കാരൻ എന്ന് ഞാൻ പറയുകയുണ്ടായി.[7] കയ്യീനിൽ തുടങ്ങി ആളുകൾ മറ്റുള്ളവർക്കുള്ളതിനെ മോഹിക്കുവാനാഗ്രഹിക്കുകയും - അത് ലഭ്യമാക്കുവാൻ ഏതറ്റം വരെ പോകുകയും ചെയ്യും.[8]

> ഒരു യാചകൻ കോടീശ്വരനോട് ചോദിച്ചു,
> "ഇനി എത്ര പണം കിട്ടിയാലാണ്
> നിങ്ങൾക്ക് വാസ്തവത്തിൽ സന്തോഷം
> ലഭിക്കുക?"
>
> കോടീശ്വരൻ,
> തന്റെ പോക്കറ്റിൽനിന്ന് ഒരു നാണയം
> എടുത്ത് യാചകന്റെ നേർക്ക് നീട്ടി പറഞ്ഞു,
> "ഒന്നുകൂടി മാത്രം!"[9]

ഗ്രാഹ്യബുദ്ധിയുള്ള ഭൂവുടമ പറയുന്നു, "ലോകത്തിലുള്ള ഭൂമി മുഴുവനൊന്നും എനിക്ക് വേണ്ട, എനിക്ക് എന്റെ ഭൂമിയുടെ തൊട്ടുകിടക്കുന്നത് മാത്രം മതി."

എല്ലാ നിലയിലുമുള്ള ബന്ധങ്ങളെ കൈകാര്യം ചെയ്യുകയാണ് വെള്ളക്കുതിരപ്പുറത്തിരിക്കുന്നവൻ: വ്യക്തികൾ, ദേശം, അന്തർദേശങ്ങൾ. നിങ്ങൾ അവനെ, "കീഴടക്കൽ," "സാമ്രാജ്യത്വം," "അത്യാഗ്രഹം," "സ്വാർത്ഥത കലഹം ജനിപ്പിക്കുന്നു," എന്നോ വിളിക്കാം, അവൻ ലോകത്തിൽ കുതിച്ചോടിക്കൊണ്ടിരിക്കുകയും - വിപത്തുകൾ തുടരുന്നത് ഒഴിവാക്കുവാൻ കഴിയാത്തതുമാണ്.

### ചുവന്ന കുതിരപ്പുറത്ത് ഇരിക്കുന്നവൻ

പാപ-രോഗമുള്ള ഈ ലോകത്തിൽ എപ്പോഴും "യുദ്ധങ്ങളും യുദ്ധശ്രുതികളും" ഉണ്ടായിട്ടുണ്ട്. ആൽബെർട്ട് ഏൻസ്റ്റൈയിൻ ദുഃഖകരമായ ഈ നിരീ

ക്ഷണം നടത്തി: "പരമോന്നത രാഷ്ട്രങ്ങൾക്ക് ശക്തിയുള്ളേടത്തോളം കാലം യുദ്ധങ്ങൾ ഒഴിച്ചുകൂടാനാവാത്തതാണ്."[10] യുദ്ധങ്ങളെ മഹത്വീകരിക്കുവാൻ ശ്രമങ്ങൾ നടന്നിട്ടുണ്ട്, എന്നാൽ വില്യം ടെകുംസേ എന്ന വക്താവ് 1880-ൽ പറഞ്ഞ വാക്കുകൾ, ഇപ്പോഴും സത്യമായി തന്നെ നമ്മുടെ ചെവികളിൽ മുഴങ്ങി കേൾക്കുന്നു: "ഞാൻ യുദ്ധം കണ്ടു മടുത്തു ... അത് ഒരിക്കലും വെടി യുതിർക്കാത്തവരുടേയും, മുറിവേറ്റു കരയാത്തവരുടേയും നേർക്ക് പ്രതികാ രവും, രക്തച്ചൊരിച്ചിലും, നാശവും തൊടുത്തുവിടുന്നതാണ്."[11] ഷെർമാന്റെ പ്രസ്താവനയിലെ പോരാട്ടം നടന്ന സ്ഥലങ്ങളിലൂടെ ഞാൻ നടന്നു പോയി ട്ടുണ്ട്. കയ്യുയർത്തി മാർച്ച് ചെയ്തു പോയ പടയാളികൾ മരിച്ചുവീഴുകയും കല്ലറകളിൽ അടക്കപ്പെടുകയും ചെയ്ത ശ്മശാനങ്ങൾ ഞാൻ സന്ദർശിച്ചിട്ടു ണ്ട്. യുദ്ധത്തിനിരയായവരുടെ ജീവിതങ്ങളെ, മനസുകളെ, തകർത്തുടക്കപ്പെട്ട ശരീരങ്ങളുടെ പൈതൃകവും ഞാൻ കണ്ടിട്ടുണ്ട്. അവർ പിന്നിൽ വിട്ടുപോ കുന്നവരുടെ തീരാ ദുഃഖത്തെയും പങ്കു വെച്ചിട്ടുണ്ട്. രണ്ടാമത്തെ കുതിരക്കാ രനും ഇപ്പോൾ നമുക്കിടയിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു - കുതിരയെ ഒരു ദിവസം പോലും നിൽക്കുവാൻ സമ്മതിക്കുന്നില്ല.

## കറുത്ത കുതിരപ്പുറത്തിരിക്കുന്നവൻ

വളരെ മുൻപ് വിരമിച്ച ഒരു കുതിരക്കാരനുണ്ടെങ്കിൽ, അത് കറുത്ത കുതിരപ്പുറത്തിരിക്കുന്നവനാണ്: സാമ്പത്തിക പ്രയാസം. കാർഷിക സാങ്കേ തികത്വം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഒരാൾക്ക് ആയിരമെണ്ണത്തെ പോ റ്റുവാൻ കഴിയുന്നു.[12] എങ്കിലും, ലോകജനസംഖ്യയിൽ 70 ശതമാനം പേർ ഇപ്പോഴും ആഹാരം കഴിക്കാതെയാണ് കിടക്കുവാൻ പോകുന്നത്. എന്റെ കണ്ണുകളടച്ചാൽ, നിരാശരായ സ്ത്രീ പുരുഷന്മാർ തങ്ങളുടെ വിശപ്പടക്കുവാൻ ചപ്പുചവറുകൾക്കിടയിൽ പരതുന്നതും - അല്ലെങ്കിൽ പട്ടിണിക്കോലങ്ങളായ വയറൊട്ടിയ കുട്ടികളുടെ രൂപങ്ങളും ടെലിവിഷനിൽ കണ്ട ചിത്രങ്ങൾ മന സിലേക്ക് ഓടി വരുന്നു.

## മഞ്ഞുനിറമുള്ള കുതിരപ്പുറത്തിരിക്കുന്നവൻ

നാലാമത്തെ കുതിരപ്പുറത്തിരിക്കുന്നവനും അവനോടുകൂടെയുള്ളവ രുമോ? "വാൾകൊണ്ടും, ക്ഷാമം കൊണ്ടും, മഹാവ്യാധികൊണ്ടും, കാട്ടിലെ മൃഗങ്ങളെ കൊണ്ടും കൊല്ലുവാൻ" മരണവും പാതാളവും തുടരുമോ (6:8)?

വാൾ തീർച്ചയായും ഉറയിലേക്കിട്ടില്ല. കഴിഞ്ഞ കാലത്തും വർത്തമാനകാ ലത്തും ഉദാഹരണങ്ങൾ നിറഞ്ഞിരിക്കുന്നു: കൂട്ടക്കൊലയിൽ ആറ് ദശലക്ഷം യഹൂദന്മാർ കൊല്ലപ്പെട്ടു; ഹിരോഷിമയിൽ അണുബോംബ് വർഷിച്ചതിന്റെ കെടുതിയിൽ പെട്ട്, പുരുഷന്മാരുടേയും, സ്ത്രീകളുടേയും, കുട്ടികളുടേയും ശരീരങ്ങൾ, യുദ്ധം നടന്ന പട്ടണ വീഥികളിൽ ചിതറപ്പെട്ടു.[13] വീടിനടുത്ത്, ജീവനുതുല്യം സ്നേഹിച്ചിരുന്ന ഒരാളുടെ ശരീരം അടക്കം ചെയ്യാതെ കിട ക്കുകയോണോ?

ഭയാനകമായ ക്ഷാമം രണ്ട് പേർ ചേർന്ന് പാടുന്നതുപോലെ പാടിക്കൊ ണ്ടാണ് വരുന്നത്. ചൈനയിൽ 1943-ൽ യുദ്ധ-ഫലമായുണ്ടായ ക്ഷാമം നിമിത്തം മരണമടയുകയുണ്ടായി, കമ്പോടിയയിൽ, 1970 കളിൽ പറഞ്ഞ റിയിക്കാനസാധ്യമായ ദുരിതം ഉണ്ടായി. ആ സമയത്ത് വരൾച്ച മൂലമുള്ള ക്ഷാമവും നേരിട്ടു.

മരണത്തിന്റെ പണിപ്പുരയിൽ നശിപ്പിക്കുന്ന മറ്റൊരു ആയുധമായിരുന്നു *മഹാവ്യാധി.* കറുത്ത മരണം (കഴലവീക്കരോഗം) ഗൾഫിലും, യൂറോപ്പിലും, ആറാം നൂറ്റാണ്ടിൽ നൂറു ദശലക്ഷവും. പതിനാലാം നൂറ്റാണ്ടിൽ, യൂറോപ്പിൽ, എഴുപത്തി-അഞ്ചു ദശലക്ഷവും ആളുകളെയാണ് കൊന്നൊടുക്കിയത്. 1918 – 19 ലെ പകർച്ചപ്പനി എന്റെ കുടുംബത്തെ ബാധിക്കയുണ്ടായി; അതിൽ മരിച്ച ഇരുപതു ദശലക്ഷത്തിൽ എന്റെ അപ്പന്റെ അമ്മയും ഉൾപ്പെട്ടിരുന്നു (എന്റെ അപ്പന് അന്ന് നാല് വയസ് മാത്രം പ്രായമുണ്ടായിരുന്നു). ഇന്ന് മാരകമായ ഒരു പകർച്ചവ്യാധിയാണ് എയിഡ്സ്.

"ഭൂമിയിലെ കാട്ടുമൃഗങ്ങളോ"? ഞാൻ താമസിക്കുന്ന സ്ഥലത്ത്, മിക്ക വന്യമൃഗങ്ങളും കാഴ്ച്ചബംഗ്ലാവിലാണ്. അതുകൊണ്ട് "വന്യമൃഗങ്ങളെ" വെച്ചുള്ള ദൈവത്തിന്റെ നിർവ്വഹണത്താലുള്ള മരണം കുറഞ്ഞിട്ടുണ്ടോ? അല്ലെങ്കിൽ ഭയാനകമെന്ന് തോന്നിക്കുന്ന വിധത്തിൽ, മൃഗസാമ്രാജ്യത്തെ മൊത്തം "വന്യമൃഗങ്ങളാൽ" - റോമിലെയും, ബ്യൂററ്റിലേയും, ബെൽഫാസ്റ്റിലേയും, ഓക്ലഹോമയിലെ, ഓക്ലഹോമാ പട്ടണത്തിലെ ഫെഡറൽ മന്ദിരം നശിപ്പിച്ച വക്രഗതിയുള്ള തീവ്രവാദികളെ, പ്രതിനിധീകരിച്ചിരിക്കയാണോ; അതുപോലെ അർക്കൻസാസിലെ വൈറ്റ് കൗണ്ടിയിലെ " ലൈറ്റ് റാപ്പിസ്റ്റ്" കളെയും വിരൽ ചൂണ്ടുകയാണോ?[14]

തീർച്ചയായും, നാലാമത്തെ കുതിരക്കാരൻ സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്നു ഞാൻ പറഞ്ഞാൽ ആരും തർക്കിക്കുകയില്ല. ആർക്കും അവനെ ഒഴിഞ്ഞുമാറുവാനും സാധ്യമല്ല. ആദ്യത്തെ മൂന്ന് കുതിരക്കാരിൽനിന്നു നിങ്ങൾക്ക് ഒഴിഞ്ഞു മാറുവാൻ കഴിഞ്ഞാലും, നാലാമത്തെ മഞ്ഞ് നിറമുള്ള കുതിരക്കാരനിൽനിന്ന് ഒഴിഞ്ഞു മാറുവാൻ സാധ്യമല്ല. അവന്റെ സന്ദർശനപുസ്തകത്തിൽ നിങ്ങളുടെ പേരുണ്ട് (എബ്രായർ 9:27).

ആ നാല് കുതിരക്കാർ ഇപ്പോഴും സഞ്ചരിച്ചുകൊണ്ടിരിക്കുന്നു എന്ന് ഞാൻ നിങ്ങളെ ബോധ്യമാക്കിയോ? അവർ "സമയപരിധിയില്ലാത്ത മായാരൂപികളാണ്" എന്നും അവയുടെ പ്രവർത്തനരീതിക്കു മാത്രമെ മാറ്റമുള്ളു എന്നും ഏൾ പാമർ വിലയിരുത്തി:

> ഈ നൂറ്റാണ്ടിൽ ക്ഷേപണസംബന്ധിയായ ബോംബ് വർഷിക്കുന്നതുപോലെയാണ് ഒന്നാം - നൂറ്റാണ്ടിൽ ഒരു വില്ലാളിവീരൻ ഒരു ഇരയെ വേട്ടയാടിയിരുന്നത്. ഇരുപതാം - നൂറ്റാണ്ടിൽ ഉയർന്ന വേഗതയുള്ള ഹെലികോപ്റ്ററുകളും ടാങ്കുകളും ഉപയോഗിച്ച് തീവ്രവാദികൾ ആകസ്മികമായി പട്ടണങ്ങൾ ആക്രമിക്കുന്നതുപലെയായിരുന്നു അന്നത്തെ യുദ്ധ - രഥങ്ങൾ [അവസാന] - [നാളു] - കളിൽ ഓടിച്ചിരുന്നത്. ക്ഷാമവും മരണവും അങ്ങനെ തന്നെ തുടർന്നു. കാർഷിക വയലിൽ അന്ന് പട്ടിണിക്കോലങ്ങളെ കാണുന്നതുപോലെ തന്നെയാണ് വ്യവസായവൽക്കരിക്കപ്പെട്ട ഇരുപതാം - നൂറ്റാണ്ടിലെ പട്ടിണിക്കോലങ്ങളും കാണപ്പെടുക.[15]

**എന്തിനാണ് ദൈവം അവരെ സഞ്ചരിക്കുവാൻ അനുവദിക്കുന്നത്?**

നാല് കുതിരക്കാർ ഇന്നും സഞ്ചരിച്ചുകൊണ്ടിരിക്കുന്നു എന്നു സമ്മതിച്ചാൽ ഒരു ചോദ്യം ഉയരും - യോഹന്നാന്റെ കാലത്ത് വന്നതുപോലെ തന്നെയാണോ? എന്തുകൊണ്ട്? ഉദ്ദേശമില്ലാതെ ദൈവം ഒന്നും ചെയ്യുകയില്ല. നാല് കുതിരക്കാരുടെ ദർശനത്തിൽ കർത്താവ് നടത്തുന്ന ആശയവിനിമയം

എന്താണ്? നമ്മുടെ കഴിഞ്ഞ പാഠത്തിൽ, ഒന്നാം - നൂറ്റാണ്ടിലെ ക്രിസ്ത്യാനികളുടെ കാഴ്ച്ചപ്പാടിൽ ഇതേ ചോദ്യം കാണുകയുണ്ടായി. ഇപ്പോൾ നമുക്ക് നമ്മുടെ കാഴ്ച്ചപ്പാടിൽ അതിനെ കൈകാര്യം ചെയ്യാം.[16]

## ഭാവി വിപത്ത് നിറഞ്ഞതായിരിക്കും

നാം അറിയണമെന്ന് ദൈവം ആഗ്രഹിക്കുന്ന ഒരു കാര്യം എന്തെന്നാൽ, ലോകത്തെ സംബന്ധിച്ച്, ഭാവി എപ്പോഴും അപകടം നിറഞ്ഞതായിരിക്കും. റ്റോമി സൗത്ത് എഴുതി, "ചില ആളുകൾക്ക് എപ്പോഴും സന്തോഷിക്കുവാനും, 'ഭൂമിയിൽ ഒരു സ്വർഗം,' സമാധാനത്തിന്റേയും നിർവൃതിയുടേയും 'സുവർണ്ണ കാലവും' ആണ് കാണുവാൻ ആഗ്രഹിക്കുന്നത്. അത് ഒരിക്കലും ഉണ്ടാവുകയില്ല എന്ന് ആദ്യത്തെ നാല് മുദ്രകൾ തറപ്പിച്ചു പറയുന്നു. സ്വർഗം സ്വർഗ*ത്തിൽ* തന്നെ ആയിരിക്കും, അല്ലാതെ ഒരു *നിമിഷം* മുൻപ് പോലും ആയിട്ടില്ല."[17]

നമുക്ക് ചുറ്റുമുണ്ടാകുന്ന കുഴപ്പങ്ങൾ തെളിയിക്കുന്നത് നാം പാപമുള്ള ലോകത്തിലാണ് ജീവിക്കുന്നത് എന്നാണ്. ആദ്യ പാപം മുള്ളും, പറക്കാരയും, വിയർപ്പും, കഷ്ടതയും എന്ന ശാപം കൊണ്ടുവന്നു (ഉൽപത്തി 3:16-19). മനുഷ്യന്റെ നിരന്തരമായ പാപം ഭൂമിയിൽ ബാധയായി തുടരുന്നു. മെറ്റ്സ്ജർ എഴുതി:

> ക്ഷാമവും, മരണവും, നരകവും ദൈവത്തിനിഷ്ടമുള്ളവയല്ല, എന്നാൽ ആളുകൾ ദൈവനിയമത്തോട് എതിർത്ത് പാപത്തിൽ ജീവിച്ചാൽ അവ സംഭവിക്കുക തന്നെ ചെയ്യും ... ഭൗതിക നിയമം ലംഘിച്ച് കുന്നു കയറിയാൽ അപകടം സംഭവിക്കുമെന്നപോലെയാണ് അത്. ധാർമ്മിക നിയമം ലംഘിച്ചാലും അപകടം സുനിശ്ചിതമാണ് ... നമുക്ക് കഷ്ടം വരുവാൻ ദൈവം ആഗ്രഹിക്കുന്നില്ല, പക്ഷെ നമ്മൾ സ്വാതന്ത്ര്യത്തെ ദുർവിനിയോഗിക്കുമ്പോൾ, ദൈവം അത് അനുവദിക്കുകയാണ്.[18]

## വിശ്വസ്തർ പരീക്ഷണങ്ങൾ അഭിമുഖീകരിക്കും

നാം വിശ്വസ്തരാണെങ്കിലും, നമുക്ക് പരീക്ഷണങ്ങളുണ്ടാകുമെന്നു നാം അറിയണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ഇന്നത്തെ "ആരോഗ്യ-സമ്പത്ത്" പ്രവാചകന്മാർ പറയുന്നത് വാസ്തവത്തിൽ വിശ്വസ്തരായി ജീവിക്കുന്നവർ സാധാരണ ജീവിതത്തിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകളിൽനിന്ന് ഒഴിവുള്ളവരാകും എന്നാണ്. അവർ തങ്ങളുടെ ശിഷ്യന്മാർക്ക്[19] തികഞ്ഞ ആരോഗ്യവും സാമ്പത്തിക ഭദ്രതയുമാണ് വാഗ്ദാനം ചെയ്യുന്നത്. പരീക്ഷണങ്ങളെ കുറിച്ചുള്ള അവരുടെ സന്ദേശം എന്തെന്നാൽ, "കഷ്ടത ഒന്നുമില്ല" പക്ഷെ ക്രിസ്തുവിന്റെ സന്ദേശത്തിൽ "അതിശയിക്കുവാനില്ല." കള്ളപ്രവാചകന്മാർ എഴുന്നേറ്റ് "പലരേയും തെറ്റിക്കും" എന്ന് യേശു പറയുകയുണ്ടായി (മത്തായി 24:11). "കള്ളപ്രവാചകന്മാർ പലരും ലോകത്തിലേക്ക് പുറപ്പെട്ടിരിക്കുന്നു" എന്നാണ് യോഹന്നാൻ പറഞ്ഞത് (1 യോഹന്നാൻ 4:1). വിശ്വസ്തർക്ക് പ്രശ്നമൊന്നുമില്ലെന്നു[20] പറയുന്നവർ യേശുവും യോഹന്നാനും പറഞ്ഞത് സത്യമാണെന്ന് തെളിയിക്കുന്നു.

> ക്രിസ്ത്യാനികൾ ആത്മിയമായി സ്നാനമാകുന്ന കല്ലറയിൽനിന്നെ

ഴുന്നേറ്റു വരുന്നതുകൊണ്ട്, ഭൗതികമായി തികഞ്ഞ സമാധാനവും സമ്പത്തും ഉള്ളവരായി തീരും, എന്നതല്ല സത്യം. എല്ലാ ഭൗതികജീവിക ളെയും പോലെ, ദൈനന്ദിന പ്രശ്നങ്ങളും, ഭീഷണിപ്പെടുത്തുന്ന ലൗകിക സംഭവങ്ങളും, ശേഷമുള്ളവർ നേരിടുന്ന മരണവും നാം നേരിടണം ...[21]

കഴിഞ്ഞ പാഠത്തിൽ, ഞാൻ പറഞ്ഞു, "കുഴപ്പവും, പരീക്ഷണങ്ങളും, അനിഷ്ടങ്ങളും എല്ലാവർക്കുമുള്ളതാണ്, പക്ഷെ *ക്രിസ്ത്യാനികൾക്ക്* അത് ഇരട്ടി പങ്കാണ് ലഭിക്കുക: ക്രിസ്തുവിന്റെ അനുയായികൾക്ക് സാധാരണ ജീവിതത്തിലെ ഉച്ചനീചത്വങ്ങൾ മാത്രമല്ല, അവരുടെ വിശ്വാസം നിമിത്തം പലപ്പോഴും തെറ്റിദ്ധരിക്കപ്പെടുകയും ഉപദ്രവിക്കപ്പെടുകയും ചെയ്യും." ആ സത്യം നാം ഇതുവരെ അറിഞ്ഞില്ലെങ്കിൽ അറിയണം.

വിരണ്ടോടുന്ന കുതിരകളും അതുമൂലമുണ്ടാകുന്ന വിപത്തും എന്ന ആശയം ബോധ്യപ്പെടുത്തുവാൻ ഞാൻ വിഷമിച്ചിട്ടുണ്ട്. വിരണ്ടോടുന്ന കുതി രകളെ നമ്മിൽ മിക്ക പേരും കണ്ടിട്ടുണ്ടെങ്കിലും, അധികം പേരും അതിനിര യായിട്ടില്ല. ഞാൻ വളരെ കുതിരകളെ കാണുകയും, ഏതാനും കുതിരകളെ ഓടിക്കുകയും ചെയ്തിട്ടുണ്ട്, പക്ഷെ അവ ഒന്നും എന്നെ ഭയപ്പെടുത്തിയിട്ടില്ല (ഒരെണ്ണം എന്നെ കുടഞ്ഞിട്ടപ്പോൾ വേദനിച്ചതൊഴിച്ചാൽ). ഈ ചിത്രീകരണം മനസിലേക്ക് വരുന്നു: ട്രെയിൻ പാഞ്ഞു വരുമ്പോൾ, പാളത്തിൽ നിന്നാലു ണ്ടാകുന്ന അപകടത്തെ നമുക്ക് നന്നായി അറിയാം. എന്തു സംഭവിച്ചാലും പാളത്തിൽ തന്നെ നിൽക്കുവാൻ തീരുമാനിക്കുന്നു എന്ന് വിചാരിക്കുക. പാ ളത്തിൽ നിൽക്കുമ്പോൾ തന്നെ ഒരു വലിയ ട്രെയിൻ ചക്രങ്ങൾ ചലിപ്പിച്ച് ചൂളം വിളിച്ച് നേരെ പാഞ്ഞുവരുന്നത് കാണുമ്പോൾ നിങ്ങൾക്ക് എന്തു തോന്നുമെന്ന് ചിന്തിക്കുക. ഏതാണ്ട് അതേ വികാരമാണ് ഓടി ഒളിക്കുവാൻ സ്ഥലമില്ലാത്തിടത്ത് വെച്ച് കുതിരകൾ വിരണ്ടോടി വന്നാലുള്ള സ്ഥിതി.

യേശുവിന്റെ അനുയായി ആയി ജീവിക്കുക അത്ര എളുപ്പമുള്ള കാര്യ മല്ല എന്നതിന് ഒരു തെളിവു കൂടെ ചേർക്കുന്നതാണ് നാല് കുതിരക്കാരുടെ ദർശനം!

## പിതാവ് കുഴപ്പമനുഭവിക്കുന്നവർക്ക് അനുകൂലമായിരിക്കും

കുഴപ്പം അനുഭവിക്കുന്ന തന്റെ മക്കളോടുകൂടെ ദൈവം എപ്പോഴും അനുകൂലമായുണ്ടായിരിക്കും എന്ന സത്യമാണ് ആദ്യത്തെ നാല് മുദ്രകളാൽ നമ്മെ ദൈവം പഠിപ്പിക്കുവാൻ ആഗ്രഹിക്കുന്നത്. ലോകം മുഴുവൻ പ്രശ്ന ങ്ങൾ നിറഞ്ഞതാണെന്നും, ചിലത് നമ്മിലേക്ക് ഒഴുകിവരുന്നുവെന്നും നമുക്ക് അറിയാം. നമുക്ക് പ്രശ്നങ്ങൾ വരുമ്പോൾ ദൈവം നമ്മെ വിട്ടുകളയുകയില്ല എന്നതാണ് നാം ഓർക്കേണ്ടത്.

ആ നാല് കുതിരക്കാർ മുഖേന നമുക്ക് ദൈവത്തിന്റെ ആവശ്യമുണ്ട് എന്ന് നമ്മെ ബോധ്യപ്പെടുത്തുകയാണ് ചെയ്യുന്നത് - അത് നമ്മെ അവങ്കലേക്ക് തിരിയുമാറാക്കും. സാത്താൻ നാല് കുതിരക്കാരെ എതിർകാരണത്തിനുവേ ണ്ടിയാണ് ഉപയോഗിക്കുന്നത്: കർത്താവിൽനിന്ന് ആളുകളെ അകറ്റുവാൻ. ദൈവം ഇല്ല എന്ന് "തെളിയിക്കുന്ന" പ്രചാരത്തിലിരിക്കുന്ന വാദഗതിയാണ് സാത്താന്റെ വിജയം: "ദൈവം ഉണ്ടെങ്കിൽ" കൃത്രിമ ബുദ്ധിമാന്മാർ ചോദി ക്കുന്നു, "എന്തുകൊണ്ടാണ് ലോകത്തിൽ ഈ കുഴപ്പങ്ങളെല്ലാം സംഭവിക്കു ന്നത്?"[22]

പുരുഷാരത്തെ സംബന്ധിച്ച്, എങ്ങനെയായാലും, സാത്താൻ പിടികൊടുക്കാത്ത രീതിയിലാണ് ഉപയോഗിക്കുന്നത്: ഭൗമിക ഗൃഹത്തിലെ കുഴപ്പങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാനാണ് അവൻ നാല് കുതിരക്കാരുടെ സംഭവത്തെ കാണിക്കുന്നത്. ഈ തന്ത്രത്തെ കുറിച്ച്, എൽഡ്രെഡ് എക്കോഴ്സ് എഴുതി,

> നാം ഭൗതികജീവികളാണെന്നറിഞ്ഞുകൊണ്ട്, സാത്താൻ സാധ്യമായ എല്ലാ ഭൗതികവസ്തുക്കളാലും നമ്മുടെ ആത്മീയ കവചം ഉരിഞ്ഞുകളയുവാൻ ശ്രമിക്കും. നാം ക്ഷാമം, പട്ടിണി, രോഗം, പരിസ്ഥിതി എന്നിവയെ കുറിച്ച് ആകുലരാകുവാൻ സാത്താൻ നമ്മെ ഭൗതികമായി ആക്രമിക്കും. നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട പോരാട്ടത്തിൽ നിന്നു നമ്മുടെ ശ്രദ്ധ വ്യതിചലിപ്പിക്കുവാൻ ശ്രമിക്കും [അതായത്, സാത്താനോടുള്ള നമ്മുടെ ആത്മീയ പോരാട്ടം].[23]

വിശ്വാസികൾക്കെതിരായുള്ള പോരാട്ടത്തിൽ, സാത്താൻ തന്റെ തന്ത്രം ഒരു പടി കൂടെ മുമ്പോട്ട് ആക്കും. ആ കുതിരക്കാർ നമ്മുടെ ജീവിതത്തെ എതിരിടുമ്പോൾ, പിശാച് നമ്മുടെ ചെവിയിൽ മന്ത്രിക്കും, "ആ ക്രൂരജന്തുക്കളിന്മേലും, അവയിന്മേലിരിക്കുന്ന കരുണയില്ലാത്ത സവാരിക്കാരെയും ശ്രദ്ധിക്കുക. അവയുടെ ഞെരുക്കൽ നിങ്ങളുടെ ഹൃദയങ്ങളിലേക്കും മനസുകളിലേക്കും ആണ്ടിറങ്ങട്ടെ. ആ വിരണ്ടോടുന്ന കുതിരകൾ നിങ്ങളെ നിരാശയിലേക്കും വിഷാദത്തിലേക്കും നയിക്കും!" പീറ്റേഴ്സൺ എഴുതി,

> ഏത് രീതിയിലുള്ള തിന്മയായാലും അനുഭവപ്പെടുമ്പോൾ, അതു പൂർണ്ണമായിരിക്കുമെന്ന് നമുക്ക് തോന്നും. അത് മറ്റെല്ലാം നമ്മുടെ മനസിൽ നിന്നു നീക്കം ചെയ്യും. ഒരു പല്ല് വേദന അനുഭവപ്പെടുമ്പോൾ, അത് ശരീരത്തിന്റെ എല്ലാ ഭാഗങ്ങളെയും ബാധിക്കുന്നതായി നമുക്ക് തോന്നും. കാൽവിരൽ ഒന്നു മുറിഞ്ഞാൽ, നമുക്ക് അനായാസം മുട്ടുമടക്കുവാൻ കഴിയുമെന്ന് പറയുവാൻ സാധ്യമല്ല.[24]

പീറ്റേഴ്സന്റെ വരികൾ ഞാൻ വായിച്ചപ്പോൾ, എനിക്ക് ആദ്യമായി ഉണ്ടായ പല്ല് വേദനയാണ് ഓർമ്മ വരുന്നത്, ലോകം കീഴ്മേൽ മറിയുന്നു എന്ന് തോന്നിയ വളരെ കഠിനമായ വേദന ഉണ്ടായതുകൊണ്ട് രാത്രി മുഴുവൻ ഉറങ്ങുവാൻ പോലും കഴിഞ്ഞില്ല. അത്തരം കഠിന പ്രശ്നങ്ങൾ നമ്മെ അലട്ടുമ്പോൾ, നാം ശ്രദ്ധിച്ചില്ലെങ്കിൽ മറ്റെല്ലാം നമ്മുടെ കാഴ്ച്ചപ്പാടിൽനിന്ന് മാഞ്ഞുപോകും: നമ്മുടെ നന്മ ആവശ്യമുള്ള മറ്റുള്ളവരുണ്ട്, നമ്മെ സ്നേഹിക്കുന്ന ദൈവവും നമ്മുടെ ഭാഗത്തുണ്ട് എന്നത് മറക്കരുത്.

1993 ഒക്ടോബർ ലക്കം *ലൈഫ്* മാഗസീനിൽ, ജോൺസൺ എന്ന ബാലൻ ഒരു ഫ്ളൂട്ട് വായിക്കുന്ന ചിത്രം വരികയുണ്ടായി. അവന്റെ മുഖത്ത് കണ്ണുകളുടെ സ്ഥാനത്ത് ശൂന്യത മാത്രമായിരുന്നു. എന്തു കാരണത്താലായാലും, അവൻ അന്ധനായിരുന്നു, എന്നാൽ അതിനേക്കാൾ വലിയ ഒരു വിപത്ത് ജോൺസണ് നേരിട്ടിരുന്നു. അവന് പത്ത് മാസം മാത്രം പ്രായമുണ്ടായിരുന്നപ്പോൾ, കലശലായ വയറിളക്കമുണ്ടായതുകൊണ്ട്, അവന്റെ അമ്മ അവനെ ആസ്പത്രിയിൽ ആക്കി. പിറ്റെ ദിവസം അവൾ ആസ്പത്രിയിൽ ചെന്നപ്പോൾ, കുട്ടിയുടെ കണ്ണുകളിൽ ബാന്റേജ് ഇട്ടിരിക്കുന്നതും, കവിളിൽ രക്തം കട്ട പി

ടിച്ചിരിക്കുന്നതും കണ്ടു. അവൾ കുഞ്ഞിനെ എടുത്ത് മറ്റൊരു ആസ്പത്രിയിലേക്ക് ഓടി. അവിടെ ചെന്നപ്പോൾ, കുഞ്ഞിന്റെ കണ്ണുകൾ മോഷ്ടിക്കപ്പെട്ടിരിക്കയാണെന്ന് മനസിലായി. എത്ര സങ്കടകരം! കൊളംബിയയിലെ ആ അവയവ മോഷ്ടാക്കളേക്കാൾ ഗൗരവമായ ഒരു വിപത്ത് ഞാൻ നിങ്ങളോട് പറയട്ടെ: *ആത്മിയ* കാഴ്ച്ച മോഷ്ടിക്കുന്നവൻ, വാസ്തവത്തിൽ പ്രാധാന്യമുള്ളത് വിവേചിച്ചറിയുവാനുള്ള കാഴ്ച്ചപ്പാട് നഷ്ടപ്പെടുത്തുന്നവൻ, നമ്മുടെ കുഴപ്പങ്ങളിൽ നമ്മെ താങ്ങുന്ന ദൈവത്തെ കാണുവാൻ കഴിയാതാക്കുന്നു. അവനാണ് സാത്താൻ![25] “അവന്റെ തന്ത്രങ്ങളെ നാം അറിയാത്തവരല്ലായ്കയാൽ” നമുക്ക് ദൈവത്തെ സ്തുതിക്കാം (2 കൊരിന്ത്യർ 2:11) “ജീവിതത്തിലെ ആകുലതകളെ” സാത്താൻ നിങ്ങളുടെ ആത്മിയ വിവേചനം എടുത്തുകളയത്തക്കവണ്ണം ഉപയോഗിക്കുവാൻ അനുവദിക്കരുത് (ലൂക്കൊസ് 8:14)!

കഴിഞ്ഞ പാഠത്തിൽ, ദൈവമാണ് നിയന്ത്രിക്കുന്നതെന്നും അവൻ തന്റെ ഉദ്ദേശവും പദ്ധതിയും നടപ്പാക്കുമെന്നും 6:1–8 ലെ വാക്കുകൾ എടുത്ത് ഞാൻ ചൂണ്ടി കാണിക്കുകയുണ്ടായി. നമ്മുടെ പഠനം തുടരുമ്പോൾ, അവൻ തന്റെ ജനത്തെ അനുഗ്രഹിക്കുന്നതിനാണ് തന്റെ പദ്ധതിയും ഉദ്ദേശവും നടപ്പാക്കുന്നത് എന്ന് കാണും. ദൈവം നമ്മെ സ്നേഹിക്കുന്നു; അവൻ നമ്മുടെ ഭാഗത്ത് ഉണ്ട്. വളരെ കാലം മുൻപ് അവൻ മോശെയോട് പറഞ്ഞു, “എന്റെ ജനത്തെ ഞെരുക്കുന്നത് ഞാൻ കണ്ടിരിക്കുന്നു ... അവരുടെ സങ്കടം കേട്ട്, വിടുവിപ്പാൻ ഞാൻ ഇറങ്ങി വന്നിരിക്കുന്നു” (പ്രവൃത്തികൾ 7:34). അതേ സ്നേഹവായ്പ് ദൈവത്തിന് ഒന്നാം – നൂറ്റാണ്ടിൽ ഉണ്ടായിരുന്നു, ഇന്നുമുണ്ട്!

**ഉപസംഹാരം**

പ്രശ്നങ്ങളെ സംബന്ധിച്ച്, വെളിപ്പാട് വായിക്കുന്ന ക്രിസ്ത്യാനികൾക്ക് “അതിശയം ഒന്നും” ഉണ്ടാകയില്ല. കുഴപ്പങ്ങൾ ഒഴിവാക്കാവുന്നതല്ല എന്നാണ് ആദ്യത്തെ നാല് മുദ്രകൾ ഓർപ്പിക്കുന്നത്. അത്യാഗ്രഹവും, ക്ഷാമവും, യുദ്ധവും സാമ്പത്തിക പരാധീനതയും ജീവിതത്തിന്റെ ഭാഗമാണ്. ലോകത്തിന്റെ ഒരു ഭാഗം പാപത്താൽ വഷളാക്കിയിരിക്കുകയാണ്. അതിനർത്ഥം ക്രിസ്ത്യാനികൾ നിരാശപ്പെടേണം എന്നല്ല. “ദൈവം നമുക്ക് അനുകൂലമെങ്കിൽ, നാം എങ്ങനെ നഷ്ടപ്പെടും? (റോമർ 8:31).[26]

ലോകമഹായുദ്ധം II ന്റെ ഇരുണ്ട കാലഘട്ടത്തിൽ, ഹാരോ സ്കൂളിലെ ഗ്രാജ്വേഷൻ ചടങ്ങിനെ സംബോധന ചെയ്തു വിൻസ്റ്റൺ ചർച്ചിൽ പ്രസംഗിക്കയുണ്ടായി.[27] ഈ വാക്കുകൾ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ നിന്നെടുത്തതാണ്: “ഒന്നിലും – ഒരിക്കലും, ഒരിക്കലും, ഒരിക്കലും സമ്മർദ്ദത്തിന് വഴങ്ങരുത് – നിസാരമായാലും സാരമായാലും, വലുതായാലും ചെറുതായാലും ശരി – ഒരിക്കലും സമ്മർദ്ദത്തിനു വഴങ്ങരുത് ...”[28] സാത്താനോടുള്ള നമ്മുടെ പോരാട്ടത്തിൽ, ബൈബിൾ പറയുന്നു, “ഒരിക്കലും സമ്മർദ്ദത്തിന് വഴങ്ങരുത് ... ഉറപ്പും ധൈര്യവുമുള്ളവനായിരിക്ക, ഭയപ്പെടരുത്, ഭ്രമിക്കയുമരുത്” (യോശുവ 1:9). വരുന്ന പാഠത്തിൽ ആ വേദഭാഗത്തിന്റെ പ്രതിധ്വനി നമുക്ക് വീണ്ടും വീണ്ടും കേൾക്കാം. നിങ്ങളുടെ ജീവിതത്തിൽ അത് പിടിച്ചുകൊൾക.

## പ്രാസംഗികന്മാർക്കും ഉപദേഷ്ടാക്കന്മാർക്കുമുള്ള ഒരു കുറിപ്പ്

നിങ്ങൾക്ക് വേണമെങ്കിൽ ഈ പാഠവും കഴിഞ്ഞ പാഠവും ഒന്നാക്കി ഉപയോഗിക്കാം: (1) യോഹന്നാന്റെ കാലത്തെ നാല് കുതിരക്കാർ, (2) നാല് കുതിരക്കാർ ഇന്ന്.

---

കുറിപ്പുകൾ

[1]സുഖകരവും അസുഖകരവുമായ ഈ ഉദാഹരണങ്ങൾ നിങ്ങളുടെ പ്രദേശത്തിന് യോജിച്ചതല്ലെങ്കിൽ യോജിക്കുന്നത് ഉപയോഗിക്കുക. [2]ഉപദ്രവങ്ങളെ കുറിച്ച് യേശുവിന്റെ ഉപദേശങ്ങളുടെ മറ്റു ഉദാഹരണങ്ങൾക്ക്, മത്തായി 5:10–12, 44; 10:23; 13:21; 23:34; ലൂക്കൊസ് 11:49; 21:12; യോഹന്നാൻ 15:20 നോക്കുക. [3]ജോൺ വിക്ക് ബോമാൻ, *ദ ഫസ്റ്റ് ക്രിസ്റ്റ്യൻ ഡ്രാമാ: ദ ബുക്ക് ഓഫ് റെവെലേഷൻ* (ഫിലദെൽഫിയ, വെസ്റ്റ്മിനിസ്റ്റർ പ്രസ്, 1955), 49. [4]യൂജിൻ എച്ച്. പീറ്റേഴ്സൺ, *റിവേഴ്സ്ഡ് തണ്ടർ* (സാൻഫ്രാൻസിസ്കോ: ഹാർപർ കോളിൻസ്, പബ്ലിഷേഴ്സ്, 1988), 76, [5]ബ്രൂസ് എം. മെറ്റ്സ്ജെർ, ബ്രേക്കിങ്ങ് ദ കോഡ്: അണ്ടർസ്റ്റാൻഡിങ്ങ് *ദ ബുക്ക് ഓഫ് റെവെലേഷൻ* (നാഷ്വിലേ: അബിങ്ങ്ഡൺ പ്രസ്, 1993), 59. [6]ബർട്ടൻ കോഫ്മാൻ, *കമെന്ററി ഓൺ റെവെലേഷൻ* (ആസ്റ്റിൻ ടെക്സ്: ഫേം ഫൗണ്ടേഷൻ പബ്ലിഷിങ്ങ് ഹൗസ്, 1979), 142. [7]ഒന്നാമത്തെ കുതിരക്കാരൻ യേശു ആണെന്ന് നിങ്ങൾ തീർച്ചപ്പെടുത്തിയാൽ, ഉപപോയിന്റായി: "സുവിശേഷം ഇന്നും തുടർന്നു കൊണ്ടിരിക്കയാൽ ദൈവത്തിന് സ്തോത്രം" എന്നു തുടങ്ങിയവ ചേർക്കാം. [8]നാല് കുതിരകളെ കുറിച്ച് വിവരിക്കുമ്പോൾ, ഞാൻ എനിക്കും എന്റെ കേൾവിക്കാർക്കും പ്രയോജനപ്രദമായ പ്രയോഗങ്ങളും ചിത്രീകരണങ്ങളും നൽകും. പകരം, നിങ്ങൾക്കും നിങ്ങളുടെ കേൾവിക്കാർക്കും അർത്ഥവത്തെന്ന് തോന്നുന്നവ നിങ്ങൾക്ക് ഉപയോഗിക്കാം. [9]കാൽവിൻ മില്ലെർ, *എ റിക്വെയം ഫോർ ലവ്*, ഉദ്ധരിച്ചത്, ഇൻ ക്രേഗ് ബ്രയൻ ലാർ സൺ, എഡി., *ഇല്ലസ്ട്രേഷൻസ് ഫോർ പ്രീച്ചിങ്ങ് ആന്റ് ടീച്ചിങ്ങ്* ഫ്രം ലീഡർഷിപ് ജേണൽ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്സ്, 1993), 93. [10]ക്വോട്ടഡ് ഇൻ ജോൺ ബാർലെറ്റ്, ബാർട്ട്ലെറ്റ്സ് *ഫെമിലിയർ ക്വൊട്ടേഷൻസ്*, 16 ത് എഡി., ജസ്റ്റിൻ കപ്ലാൻ (ബോസ്റ്റൺ: ലിറ്റിൽ, ബ്രൗൺ, ആന്റ് കമ്പനി., 1992), 636.

[11]ക്വോട്ടഡ് ഇൻ ലെണാർഡ് ലൂയിസ് ലെവിൻസൺ, വെബ്സ്റ്റേഴ്സ് അൺഅബ്രൈഡ്ഡ് ഡിക്ഷ്ണറി (ന്യൂയോർക്ക്.: കോളിയർ ബുക്സ്, 1967), 254. ഷെർമാൻ അമേരിക്കൻ ആഭ്യന്തരകലഹത്തിലെ യൂണിയൻ ജെനറലായിരുന്നു. [12]"പ്രശ്നം ഒരു ഉൽപന്നമല്ല, മറിച്ച് വിതരണം നടത്തുന്നതാണ്" എന്ന് എന്റെ സ്നേഹിതൻ ജോവേൽ ഡേവിസ് നിരീക്ഷിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞത് ശരിയാണ്. നമ്മുടെ രാജ്യത്തിന്റെ സാങ്കേതികത്വത്തിലും തൽസംബന്ധമായ വേദനിപ്പിക്കുന്ന പ്രശ്നങ്ങളുണ്ട്. [13]വിവിധ എൻസൈക്ലോപീഡിയയിൽനിന്നും മറ്റു ഉറവിടങ്ങളിൽനിന്നുമാണ് വിവിധ കണക്കു വിവരങ്ങൾ എടുത്തിട്ടുള്ളത്. [14]ആ മനുഷ്യന്റെ കാറിന്റെ മുകളിൽ പോലീസിന്റെ കാറിനു സമാനമായി നീല ലൈറ്റ് ഘടിപ്പിച്ചിരുന്നു. അയാൾ സ്ത്രീ ഡ്രൈവർമാരുടെ കാറുകൾ തടുത്ത് നിർത്തി അവരെ മാനഭംഗപ്പെടുത്തുമായിരുന്നു. [15]ഏൾ എഫ്. പാമർ, 1, 2, 3 *ജോൺ ആന്റ് റെവെലേഷൻ*, ദ കമ്മൂണിക്കേറ്റേഴ്സ് കമെന്ററി സീരീസ്, വാല്യം 12 (ഡള്ളാസ്: വേഡ് പബ്ലിഷിങ്ങ്, 1982), 177. [16]ആവശ്യത്തിന്, കഴിഞ്ഞ പാഠത്തിലെ ഉത്തരങ്ങളും ഈ പാഠത്തിലെ ഉത്തരങ്ങളും കെട്ടിമറിഞ്ഞാണ് കിടക്കുന്നത്. [17]ടോമി സൗത്ത്, "ദ ഫോർ മെസ്സെജസ് ഓഫ് സെവെൻ

സീൽസ്," *ട്രൂത്ത് ഫോർ ടുഡേ,* (നവംബർ 1988):9. (എംഫസിസ് ഹിസ്.) [18]മെറ്റ്സജർ, 58. [19]ആ ഉപദേഷ്ടാക്കന്മാർക്ക് ഉദാരമായ സംഭാവനകൾ കൊടുത്താൽ മാത്രമെ അവരുടെ ശിഷ്യന്മാരാകയുള്ളു. [20]അവർ ബൈബിൾ വായിച്ചിട്ടില്ലേ? വിശ്വസ്തനായിരുന്ന ഇയ്യോബിന്റെ സംഭവവും, അപ്പത്തിനായി പോരാടിയിരുന്ന ലാസറിന്റേയും സംഭവങ്ങൾ, അല്ലെങ്കിൽ വിശ്വസ്തരായി ജീവിച്ച് കഷ്ടപ്പെട്ടിരുന്ന മറ്റു നൂറുകണക്കിന് ഉദാഹരണങ്ങൾ അവർ വായിച്ചിട്ടില്ലേ?

[21]എൽഡ്രെഡ് എക്കോൾസിന്റെ, ഹാവിന്റുയു ഹേർഡ്? യുദ്ധം നടന്നുകൊണ്ടിരിക്കയായിരുന്നു! അൺലോക്കിങ്ങ് ദ കോഡ് ഓഫ് റെവെലേഷൻ (ഫോർട്ട്വർത്ത്, ടെക്സസ്.: സ്വീറ്റ് പബ്ലിഷിങ്ങ്, 1995), 82. [22]ഈ വാദത്തിന് പ്രചാരമുണ്ടെങ്കിലും, ചോദ്യത്തെ കൈകാര്യം ചെയ്യുന്നില്ല. അത് ദൈവ*മുണ്ട്* എന്നല്ല മറിച്ച് ദൈവ*സ്വഭാവത്തെ*യാണ് പറയുന്നത്. ആ "വാദത്തിന്" ഉത്തരം നൽകലല്ല എന്റെ ഇവിടത്തെ ഉദ്ദേശം. അതും അതുപോലെയുള്ളതുമായ "വാദഗതികൾക്ക്" ക്രിസ്തീയ തെളിവുകളെ കുറിച്ചു പ്രതിപാദിക്കുന്ന നിലവാരമുള്ള പുസ്തകങ്ങൾ അവ കൈകാര്യം ചെയ്യുന്നുണ്ട്. സാത്താൻ എങ്ങനെ നാല് കുതിരകളെ ഉപയോഗിക്കുന്നു എന്ന് ചൂണ്ടിക്കാണിക്കുക മാത്രമാണ് എന്റെ ഉദ്ദേശം. [23]എക്കോൾസ്, 72. (എംഫസിസ് ഹിസ്.) [24]പീറ്റേഴ്സൺ, 73. [25]ക്രേഗ് ബ്രയൻ ലാർസൻ, എഡി., *കണ്ടെംപററി ഇല്ലസ്ട്രേഷൻസ് ഫോർ പ്രീച്ചേഴ്സ്, ടീച്ചേഴ്സ് ആന്റ് റൈറ്റേഴ്സ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്സ്, 1996), 240. [26]യൂജിൻ എച്ച്. പീറ്റേഴ്സൺ, *ദ മെസേജ്: ന്യൂടെസ്റ്റമെന്റ് വിത്ത് സാംസ് ആന്റ് പ്രോവെർബ്സ്* (കൊളൊറാഡോ സ്പ്രിങ്ങ്സ്, കൊളോ: നവ പ്രസ് പബ്ലിഷിങ്ങ് ഗ്രൂപ്പ്, 1995), 379. [27]ഹാരോ ഹൗസ് എന്നത്, ഇംഗ്ലണ്ടിലെ, മിഡിൽസെക്സിലെ, ഹാരോ എന്ന സ്ഥലത്തെ സ്ക്കൂളാണ്. [28]ക്വോട്ടഡ് ഇൻ ജോൺ ബാർട്ട്ലെറ്റ്, *ബാർട്ട്ലെറ്റ്സ്, ഫെമിലിയർ ക്വോട്ടേഷൻസ്,* 16 ത് എഡി., ജെന എഡി. ജസ്റ്റിൻ കപ്ലാൻ (ബോസ്റ്റൻ: ലിറ്റിൽ, ബോമാൻ, ആന്റ് കമ്പനി., 1992), 621.

---

## ചർച്ചക്കും പുനരവലോകനത്തിനുമുള്ള ചോദ്യങ്ങൾ

1. സുഖകരവും അസുഖകരവുമായ അതിശയങ്ങളുടെ ഉദാഹരണങ്ങൾ നിങ്ങൾക്ക് നൽകാമോ? അസുഖകരമായ അതിശയങ്ങൾ നിങ്ങൾക്ക് ഇഷ്ടമാണോ?
2. നാല് കുതിരകൾ ഇന്നും സഞ്ചരിച്ചുകൊണ്ടിരിക്കുന്നു എന്നതിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ?
3. വെള്ളക്കുതിരപ്പുറത്തിരിക്കുന്നയാൾ മറ്റെന്തൊക്കെ ചെയ്തു എന്നതിന് ഉദാഹരണങ്ങൾ നൽകാമോ? അവൻ എപ്പോഴെങ്കിലും നിങ്ങളുടെ ജീവിതത്തിലേക്ക് ഓടി വന്നിട്ടുണ്ടോ? അല്ലെങ്കിൽ നിങ്ങളുടെ വീട്ടിലുള്ളവരുടെ അടുക്കലേക്കോ സ്നേഹിതന്മാരുടെ അടുക്കലേക്കോ വന്നിട്ടുണ്ടോ? ചുവന്ന കുതിരപ്പുറത്തിരിക്കുന്നവനോ? കറുത്തകുതിരക്കാരനോ? മഞ്ഞു നിറമുള്ള കുതിരക്കാരനോ?
4. പരീക്ഷണങ്ങൾ *വരുന്നതിന്റേയും* അത് ദൈവം *അനുവദിക്കുന്നതിന്റേയും* വ്യത്യാസം എന്ത്?
5. "ഈ ലോകത്തെ സംബന്ധിച്ച് ഭാവി എപ്പോഴും വിപത്ത് നിറഞ്ഞതായിരിക്കും" എന്നതിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ?
6. നാം "വിശ്വസ്തരായിരുന്നാലും, പരീക്ഷണങ്ങൾ നേരിടേണ്ടി

വരും” എന്നതിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ?

7. ഈ പാഠത്തിന്റെ എഴുത്തുകാരൻ ക്രിസ്ത്യാനികൾക്ക് കുഴപ്പങ്ങൾ “ഇരട്ടിയായിരിക്കുമെന്ന്” പറഞ്ഞതിന്റെ അർത്ഥമെന്ത്? നിങ്ങൾ അതിനോട് യോജിക്കുന്നുണ്ടോ?
8. കുതിരകൾ വിരണ്ടോടുന്നത് ബോധ്യപ്പെടുത്തുവാൻ എഴുത്തുകാരൻ ഉപയോഗി ച്ച ചിത്രീകരണം വർഷങ്ങൾക്ക് മുൻപ് സംഭവിച്ചതാണ്. നിങ്ങൾ എന്തു ചിത്രീകരണമാണ് ഉപയോഗിക്കുന്നത്?
9. “കുഴപ്പത്തിലായ തന്റെ മക്കളോടൊപ്പം ദൈവം എല്ലായ്പോഴുമുണ്ടാകും” എന്നതിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ?
10. നമ്മുടെ വിശ്വാസത്തെ ഇല്ലാതാക്കുവാൻ ഭൗതികമായ പ്രശ്നത്തെ സാത്താൻ ഉപയോഗിക്കുന്നതെങ്ങനെ? സാത്താൻ ലോകത്തിൽ പൊതുവിൽ ഫലപ്രദമായി തീരുന്നു എന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ? അതിൽ കൂടുതലായി നിങ്ങളുടെ ചിന്തയെ അവൻ സ്വാധീനിച്ചിട്ടുണ്ടോ?
11. ദൈവം നമ്മുടെ ഭാഗത്തുണ്ട് എന്ന് വാസ്തവത്തിൽ നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? നാം അത് വാസ്തവത്തിൽ വിശ്വസിച്ചാൽ, അത് എന്തു ഫലമാണ് നമ്മുടെ ജീവിതത്തിലുണ്ടാക്കുന്നത്?



നാല് കുതിരക്കാർ (6:1–8)